GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/10/2026

1. കാർഷിക മേഖലയിലെ ഒരുലക്ഷം യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പാക്കുന്ന പ്രത്യേക തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി AIMS പോർട്ടലിലെ രജിസ്ട്രേഷൻ നടപടികൾ ഒക്ടോബർ 31-നകം പൂർത്തിയാക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ

രജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടാൻ സാധ്യതയുള്ളതിനാൽ എല്ലാ അംഗങ്ങളും അടിയന്തരമായി രജിസ്ട്രേഷൻ ഉറപ്പാക്കണമെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. കൃഷിവകുപ്പിന്റെ ഔദ്യോഗിക പോർട്ടലായ AIMS-ൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത നിലവിലുള്ള പദ്ധതി അംഗങ്ങൾ എത്രയും വേഗം അതാത് കൃഷിഭവനുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങളും രേഖകളും നൽകി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 23ന് '**പുരയിട കൃഷി - ആരോഗ്യത്തിനും ആദായത്തിനും**' എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 500/- രൂപ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. ചെറുതേനീച്ചവളർത്തലിൽ താൽപര്യമുള്ള കർഷകർക്ക് അവയെ കൂട്ടിലാക്കുന്നതും ശാസ്ത്രീയമായി പരിചരിക്കുന്നതും സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഹോട്ടിക്കോർപ്പിലെ മുൻ പ്രോഗ്രാം ഓഫീസറും തേനീച്ചവളർത്തൽ പരിശീലകനുമായ ബെന്നി

ഡാനിയേൽ **ഒക്ടോബർ 16 വെള്ളിയാഴ്ച** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെ മറുപടി നൽകും. താൽപര്യമുള്ള കർഷകർക്ക് 0481-2576622 എന്ന കോൾസെന്റർ നമ്പറിലേക്ക് വിളിക്കാവുന്നതാണ്.

4. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള NABL Accreditation ലഭിച്ച സ്റ്റേറ്റ് ഡയറി ലാബിൽ പാൽ, പാലുല്പന്നങ്ങൾ, കൂടിവെള്ളം, കാലിത്തീറ്റ, കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, ധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ എന്നീവയുടെ കെമിക്കൽ, മൈക്രോബയോളജി പരിശോധനക്കുള്ള സൗകര്യം പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ FSSAI പ്രകാരമുള്ള കെമിക്കൽ പരിശോധന, ഭക്ഷ്യവിഭവങ്ങൾ, കൂടിവെള്ളം, പാൽ, പാലുല്പന്നങ്ങൾ, എന്നിവയുടെ മൈക്രോബയോളജി പരിശോധനകളിലും പരിശീലനം നൽകുന്നു. പരിശോധനകൾക്കും പരിശീലനങ്ങൾക്കും സർക്കാർ അംഗീകൃത നിരക്കുകളും ഈടാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495592514/ 0471-2440074 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പന്നി വളർത്തൽ** എന്ന വിഷയത്തിൽ **ഒക്ടോബർ 30,31** തീയതികളിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രം കണ്ണൂരിൽ വച്ച് പരിശീലന പരിപാടി

സംഘടിപ്പിക്കുന്നു. കൂടുൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0497 2763473 എന്ന നമ്പറിൽ ബന്ധപ്പെടുക.